# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No. 139/PR/PIC/PHQ/18 Date : 03.06.2018

---

## ലോക പരിസ്ഥിതിദിനം –
## വിവിധ പരിപാടികളുമായി കേരള പോലീസ്

ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും വിവിധ പരിസ്ഥിതി സംരക്ഷണ-ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശം നൽകി. ഹരിതകേരളം മിഷൻ , ശുചിത്വ മിഷൻ, തദ്ദേശ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങളിലും പോലീസിന്റെ പങ്കാളിത്തമുണ്ടാവണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്തും, സ്കൂൾ, ആശുപത്രി, മാർക്കറ്റ് തുടങ്ങിയ പ്രദേശങ്ങളിലും നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ വൃക്ഷത്തൈകൾ നടൽ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കണമെന്ന് നേരത്തെ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശുചിത്വം ഉറപ്പാക്കുന്നതിനും മാലിന്യനിർമ്മാജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള നിരവധി പ്രവർത്തനങ്ങൾ വിവിധ പോലീസ് സ്റ്റേഷനുകളിലും പോലീസ് ഓഫീസുകളിലും ആവിഷ്കരിച്ചു നടപ്പാക്കിവരുന്നുണ്ട്. മാതൃകാപരമായ ഈ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതിനോടൊപ്പം ജൂൺ അഞ്ചിന് നടക്കുന്ന പരിപാടികളിലും എല്ലാ പോലീസ് ഉദ്യോഗസ്ഥരുടേയും പങ്കാളിത്തമുണ്ടാകണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. ഇതിനായുള്ള സജീവ പ്രവർത്തനങ്ങൾക്ക് എ ഡി ജി പി മാരും റേഞ്ച് ഐ ജി മാരും ജില്ലാ പോലീസ് മേധാവിമാരും വിവിധ യൂണിറ്റ് മേധാവിമാരുടെ നേതൃത്വത്തിൽ നടത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

********